# കാശാവു പൂത്തു

## പ്രൊഫ: കെ. ഗോപാലകൃഷ്ണൻ

ശാസ്ത്രസത്യത്തെ പരിധിവിട്ട് മാനിക്കുന്ന കവിയല്ല ഇടശ്ശേരി. മഹത്തായ സ്വപ്നങ്ങൾ വേണമെങ്കിൽ ശാസ്ത്രത്തെ മറികടന്നു പോകണമല്ലോ. 'സ്വപ്നലോകത്തിൽ മാത്രമല്ല യഥാർത്ഥജീവിതത്തിലും ഈ ശാസ്ത്രീയ സത്യത്തെ പലപ്പോഴും വേലിയ്ക്കലേ നിർത്താൻ കൊള്ളുവെന്നും നമ്മുടെ നൂലാമാല പിടിച്ച കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഈ സത്യത്തിന് യാതൊരസ്തിത്വവും ഉണ്ടാവാൻ വയ്യെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. അതിനാൽ തന്റെ ബോധമണ്ഡലത്തിലും പണിപ്പുരയിലും അന്ധവിശ്വാസങ്ങളെന്നോ അസത്യമയമായ സങ്കല്പങ്ങളെന്നോ ആരോപിക്കാവുന്ന പുരാണകഥകൾക്കും ഐതിഹ്യങ്ങൾക്കും അദ്ദേഹം യാതൊരു വിലക്കും കല്പിച്ചിരുന്നില്ല. കേവലസത്യത്തെ ഉൾക്കൊണ്ടിരിക്കുമ്പോഴും മിഥ്യാസങ്കല്പങ്ങളെക്കൊണ്ട് വികാരവത്താവാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെക്കുറിച്ച് അദ്ദേഹത്തിന് ഒരു സംശയവുമില്ലായിരുന്നു. അഭയം തേടി' എന്ന കവിത വായിച്ച ഒരാൾ 'ഇടശ്ശേരി ശബരിമലയ്ക്കു പോയിട്ടുണ്ട്, അല്ലേ?' എന്നു ചോദിച്ചപ്പോൾ തീരെ നിഷേധിക്കാതെ, ഒന്നു പുഞ്ചിരിക്കൊള്ളുക മാത്രം ചെയ്തത് അതുകൊണ്ടാണ്. അങ്ങ്, കിഴക്കൊരു മലമുടിയിലേയ്ക്ക് കാലവർഷാരംഭത്തിൽ നിറകുടങ്ങളുമേറ്റിക്കൊണ്ടു കയറിപ്പോകുന്ന മേഘങ്ങളെപ്പോലെ മരംകോച്ചും തണുപ്പിൽ കുലുങ്ങാതെ ഇരുമുടിക്കെട്ടും പേറി ആയിരക്കണത്തിൽ അസിത വസ്ത്രധാരികളായ ഭക്തന്മാർ നീങ്ങുന്നത് കാലം തോറുമുള്ള കാഴ്ചയാണ്. കനത്ത ജീവിതച്ചുവടും പേറി, അത്രയും വിശ്വാസത്തോടെ തന്നെ വാർദ്ധക്യത്തിൽ വിറയ്ക്കുന്ന കാലുകൾ ഉറപ്പിച്ചു വെച്ച് സ്വന്തം ജീവിതമാർഗ്ഗത്തിൽ ഞാൻ മുന്നോട്ടുനീങ്ങുന്നു – അവരുടെ മനോഹരമായ സങ്കല്പത്തെ ഞാനെന്റെ പണിപ്പുരയിൽ സൂക്ഷിച്ച് എന്റെ ജീവിതത്തിന് ഒരമൂല്യപ്രതീകത്തെ വാർത്തെടുത്തതിൽ അശാസ്ത്രീയതയുണ്ടെങ്കിൽ അതവിടെകിടന്നോട്ടെ' എന്നദ്ദേഹം തിരിച്ചടിയ്ക്കുന്നു.

ഹൈന്ദവപുരാണങ്ങളിൽ ഇടശ്ശേരിയെ ഏറെ ആകർഷിച്ചത് അമ്പാടിമണിക്കുഞ്ഞിന്റെ സങ്കല്പമാണ്. 'വൃന്ദാവനത്തിലെ രാധ, 'വ്രജത്തിലെ വിരുതൻ' തുടങ്ങിയ അപ്രകാശിതങ്ങളായ ആദ്യകൃതികൾ തൊട്ട്, 'അമ്പാടിയിലേയ്ക്ക് വീണ്ടും' 'ഗോപികാഗോവിന്ദം' തുടങ്ങിയ പ്രൗഢങ്ങളായ, അന്ത്യകാല രചനകൾവരെ അനേകം കവിതകൾ ഈ സങ്കല്പത്തിന്റെ പലവർണ്ണങ്ങളെയും മുഖങ്ങളെയും പല കോണുകളിലൂടെ നോക്കിക്കാണുവാൻ മാറിമാറി നടത്തുന്ന ഉദ്യമങ്ങളാണ്. കൂട്ടത്തിൽ ഒരു കവിത – കാശാവുപൂത്തു – ഒന്നടുത്തുനോക്കിക്കാണുകയാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്. ഈ കവിത തെരഞ്ഞെടുക്കാൻ കാരണമുണ്ട് ഇടശ്ശേരി അമ്പതാംവയസ്സിൽ എഴുതിയ ഇത് പ്രസിദ്ധം ചെയ്തുവന്നത് സാഹിത്യപരിഷത്തിലാണെങ്കിലും കോപ്പി കൈമോശം വന്നുപോയി. അതിനാൽ പില്ക്കാലത്ത് സമാഹാരങ്ങളിലൊന്നിലും ഇതുൾപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചില്ല – അതിനാൽ മറ്റുകവിതകളെപ്പോലെ പ്രസിദ്ധി കിട്ടിയതുമില്ല.

വർഷകാലത്ത് കേരളത്തിലെ ഒരുൾനാടൻ മേട്ടിൻപുറത്തിന്റെ നയനാഭിരാമമായ ആകാരവടിവിന്, തന്റെ മനസ്സിൽ ചിരകാലമായി ഓളംതുളുമ്പി നില്ക്കുന്ന നീലസ്വപ്നം കൊണ്ട് പ്രാണനൂതിക്കൊടുക്കുന്നതോടെയാണ് കവിത ഉയിർക്കൊള്ളുന്നത്.

'മാനത്തൊക്കെക്കരിങ്കാറു തുങ്ങി
മാങ്കൊമ്പത്തു മഴവില്ലുംതങ്ങി
നീലത്താമരകൾ നീഡം പണിയാൻ
നിന്നിൽ കാശാവേ വന്നുനിറഞ്ഞു
പയ്യും കുട്ടിയും മേയുന്നു ചാരേ
നിയ്യിപ്പച്ചപ്പടർപ്പിലും നില്പൂ
മെയ്യിൽ കോലും കാളായദ്യുതിയും
കയ്യിൽകോലുമായ് നേത്രാഭിരാമം
പൊൽക്കുടങ്ങളാൽ പാൽപതചിന്നി–
ച്ചിറ്റോളങ്ങൾ ചിലമ്പൊലി തൂകി
മറ്റൊരു യുഗസാനുവിൽ പോലെ
ചുറ്റുന്നുണ്ടു കുളിർകാറ്റു വീശി
കണ്ണേ നിന്നു നുകർന്നുകൊണ്ടാലും
കായാമ്പൂവൊളി കമ്രസങ്കല്പം
കാലാകാലമായ് വീണുമനസ്സിൽ–
ക്കത്തും ദാഹങ്ങൾ കെട്ടാറുവോളം'
(കാശാവു പൂത്തു)

അമരാവതിയിലെ ദേവന്മാർക്കുപോലും അഭയസങ്കേതമായി, മുടിങ്കോലിനെ പ്രപഞ്ചനിയന്താവിന്റെ ചെങ്കോലാക്കിവാഴുന്ന ഇഷ്ടമൂർത്തിക്കുചുറ്റും ഗോകുലത്തിന്റെ ഓളംതല്ലുന്ന കുളിർകാഴ്ച, എത്ര ഇടിത്തീവീണ് കത്തിക്കരിഞ്ഞ ജീവിതത്തെയും തളിർപ്പിക്കാൻ പോന്നതാണ്.

'അക്രൂരചാതക, പോരും നിൻചിന്തകൾ
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക
തൃക്കണ്ണാൽ പൈക്കറ വീക്ഷിച്ചുകൊണ്ടിതാ
നില്ക്കുന്നൂനിന്നുടെ നീലമേഘം'
(അമ്പാടിയിലേക്കു പോകുന്ന അക്രൂരൻ)

എന്ന വള്ളത്തോളിന്റെ വരികളിൽ നീറിപ്പിടിയ്ക്കുന്ന വ്യക്തി ദുഃഖം, സമൂഹമനസ്സിൽ ആളിപ്പടരുന്ന കാട്ടുതീയായി രൂപാന്തരം പൂണ്ടിരിക്കുന്നുവോ ഇടശ്ശേരിക്കവിതയിൽ?

'കൊത്തി വിഴുങ്ങി വിഴുങ്ങിത്തീർന്നൂ
വ്യക്തികളെസ്സമുദായ–
പ്പുത്തൻ ഗരുഡ,നവന്നു ദഹിയ്ക്കാ–
പ്പൂണൂലില്ലെന്നായി'
(പൊട്ടിപുറത്ത്, ശിവോതി അകത്ത്)

എന്ന് ഏറെത്താമസിയാതെ മറ്റൊരു കവിതയിലും അദ്ദേഹം കുറിയ്ക്കുകയുണ്ടായല്ലോ. ഒന്നരദശാബ്ദം കഴിഞ്ഞപ്പോഴേയ്ക്ക് ഈ സമൂഹത്തിന്റെ വൈകാരികമായ കെട്ടുറപ്പിന്ന് വന്നുചേർന്ന പരിണാമവിപര്യയവും, ആശാനാളങ്ങളായ പുതുപ്പിറപ്പുകളുടെ ദൗർബ്ബല്യവും ഈ കവിയെ എത്രമാത്രം നിരാശപ്പെടുത്തിക്കളഞ്ഞുവെന്നുകൂടി, തുമ്പൊതുക്കിവെക്കുന്നതിന്നു വേണ്ടി, ഇവിടെ കുറിച്ചുകൊള്ളട്ടെ.

'വിചിത്രം വ്യക്തിബന്ധത്തിൻ തുടുത്ത ചായം
കഴുകിപ്പോയ് കലുഷമായ് സമൂഹചിത്രം
മനസ്സതുനിരീക്ഷിപ്പൂ വികാരശൂന്യം
മഴപെയ്തൊലിച്ചുനില്ക്കും മതിലുപോലെ
കനലായിരുന്നതൊക്കെക്കരിഞ്ഞുപോയി
പരിചിത മുഖങ്ങൾ ഹാ ഭസിതലിപ്തം
തുടുവെയിലുദിക്കുമ്പോൾ കുഴഞ്ഞു തൂങ്ങും
പനിനീർപ്പൂവുകളത്രേ പുതുമുഖങ്ങൾ'
(കടത്തുത്തോണി)

ഇത് ഒരു സിംഹാവലോകനത്തിന്നുള്ള വിതാനമാണ് പിന്നിട്ടു പോന്നവഴികളിൽ നേട്ടങ്ങളുടെ പട്ടിക മോശമല്ല. 'കാശാവു പൂത്തു' എന്ന കവിതയിലെ രണ്ടാം ഖണ്ഡികയിൽ അതാണ് പ്രതിപാദ്യം.

'കുന്നിൻ മോളിൽക്കടലലതല്ലും
കൂറ്റൻ കൂറ്റനണക്കെട്ടു കെട്ടി,
പാഞ്ഞുപോകും പ്രവാഹങ്ങൾക്കെല്ലാം
പാലം തീർത്തു പഥികാനുകൂലം
കാടുവെട്ടി ഞാൻ കേദാരം നീട്ടി
നാടും മാറ്റി നഗരവും കെട്ടി
ഭൂതകാലത്തെക്കൊന്നു ഞാൻ സർവ്വ-
ഭൂതങ്ങൾക്കും സമൃദ്ധിവിളമ്പി.'
(കാശാവു പൂത്തു)

പക്ഷേ, ശാസ്ത്രസത്യം വൈകാരിക സത്യത്തോടു പിണങ്ങിയാണ് നില്ക്കുന്നത്. സമൃദ്ധിയുടെ നടുക്കു നില്ക്കുമ്പോഴും ഏതോ ഒരമൃത ലഹരിക്കുവേണ്ടി നൊന്തുകേഴുകയാണ് ആത്മാവ്. ആകാശനീലിമ പുല്കാനാണ് ആഗ്രഹം. പക്ഷെ യുക്തിബോധത്തിന്റെ ഊന്നുവടിയും ബുദ്ധിയുടെ വെളിച്ചവുമായി നടക്കുന്ന മനുഷ്യന്ന് ചെന്നെത്താവുന്നത് എവറെസ്റ്റിന്റെ മുകളിലോളം – ഏറിയാൽ ചന്ദ്രനിലോ ശുക്രനിലോ ആവാം – എന്തായാലും ലക്ഷ്യത്തിലെത്തലില്ല. എത്തിയേടം ലക്ഷ്യമാവുന്നില്ല എന്ന് തിരിച്ചും പറയാം. ഇതേവരെ ശരീരം താങ്ങിയിരുന്ന ഊന്ന് കനത്തുതുടങ്ങുന്നു. വഴികാട്ടിയ വിളക്ക് പ്രകാശം മങ്ങി പുക തുപ്പാൻ തുടങ്ങുന്നു. പക്ഷെ എന്തു ഗതി?

'ലോകം വിഡ്ഢിയിൽ വിഡ്ഢിയെന്നെന്നെ-
ക്കുകും ഞാനിതു രണ്ടുമെറിഞ്ഞാൽ
മാനനീയതമർത്ത്യനിക്കീറ-
മാറാപ്പേറ്റി നടക്കുകയത്രേ.
(കാശാവു പൂത്തു)

നാലുപേരെപ്പോലെ നടക്കുക സമൂഹ ജീവിയുടെ അലിഖിത കർത്തവ്യമാണല്ലോ.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻവരം'

എന്ന് പില്ക്കാലത്ത് (1963) അദ്ദേഹം ഉറപ്പിച്ചു പറഞ്ഞത് അനുഭവങ്ങളിൽനിന്നു സിദ്ധിച്ച ജ്ഞാനം വെച്ചുകൊണ്ടുതന്നെയാണ്. ഇവിടെ പക്ഷേ കവിതയുടെ, ഗതി സ്വല്പം വ്യത്യസ്തമായ ഒരുവഴിയ്ക്കാണ്.

'തട്ടിമാറ്റൂ കനത്തൊരുകയ്യേ
തെറ്റെന്നെന്നുടെ ദീപവും ദണ്ഡും
കട്ടിക്കാരിരുമ്പൊത്തനീയീപ്പാ-
ർത്തട്ടിൻ ഭാരത്തെനീക്കിയപോലെ'
(കാശാവു പൂത്തു)

എന്ന് അദ്ദേഹം പ്രപഞ്ചശക്തിയോട് ആവശ്യപ്പെടുന്നു. കാരണം മറ്റൊന്നുമല്ല, തനിയ്ക്കീ യാഥാർത്ഥ്യത്തിന്റെ വിരസതയും നിസ്സാരതയും വേണ്ടതിലേറെ അനുഭവപ്പെട്ടും ബോധപ്പെട്ടും കഴിഞ്ഞു. സങ്കല്പത്തിന് ചിറകു മുളയ്ക്കണമെങ്കിൽ ഇനി സാവലംബമായ നില്പ് അറ്റുപോകയേ ഗതിയുള്ളു. ഒട്ടും ഭയപ്പെടാനില്ല. ഈ പ്രപഞ്ചത്തിലെ ഒരു പരമാണുപോലും നശിച്ചുപോകയില്ലെന്ന് തനിയ്ക്കുറപ്പാണ്.

അങ്ങനെ കാലത്തിലൂടെ പിന്നോക്കം പറക്കാൻ അവസരം വന്നാൽ താനെങ്ങോട്ടു തിരിയും എന്നതിനെക്കുറിച്ച് ഒട്ടും സംശയമില്ല, വേവലാതിയുമില്ല. ലാളിത്യത്തിന്റെയും ശാന്തിയുടെയും കാര്യത്തിൽ ഒരനന്വയമായ ആ ലോകം വരച്ചുകാണിച്ചുകൊണ്ടാണ് ഈ കൊച്ചുകവിത അവസാനിപ്പിച്ചിരിക്കുന്നത്.

'മിന്നുംനീലിമ തേടിപ്പറന്നു
ചെന്നത്തീടുകെൻ ചേതനേ വേഗം
തുന്നിത്തൂക്കിയ നൂറ്റാണ്ടുകൾക്കു
പിന്നിൽ പുഷ്ക്കലശാന്തിതലത്തിൽ
ഇന്നും നീലിച്ചൊഴുകിപ്പോം സൂര്യ-
നന്ദിനിയുടെ പച്ചവിരിപ്പിൽ,
ചെമ്മൺചായച്ചുമരണിക്കൊച്ചു
പുന്മാടങ്ങളിൽ ഗോപവാടത്തിൽ,
കാലിക്കോലും പിടിച്ചൊരു പൂത്ത
കാശാവോടി നടക്കുമിടത്തിൽ,

ചാടുംകൊറ്റിയും കൂറ്റനും കാറ്റും
ചാവാൻ മോഹിച്ചണഞ്ഞിടും നാട്ടിൽ
പേലവച്ചെടികൾക്കു നുകരാൻ.
പ്രാണൻപോലും ചുരത്തിച്ചുരത്തി
പ്രാകൃതത്വം സമർഹമാമാത്മ–
പ്രീണനത്തിന്നണയും ഗൃഹത്തിൽ,
ജീവിതത്തിൽ മരവിപ്പൊടുങ്ങി–
ജ്ജീവാത്മാക്കൾ തൻകെട്ടറ്റുപോകാൻ
തന്നുയിരിനെക്കല്ലുരലിന്മേൽ
തായാർചേർത്തുതളപ്പൊരുനാട്ടിൽ,
കാട്ടോടക്കമ്പിലുല്ക്കടപ്രേമ–
ക്കാട്ടാർനിന്നു തുളുമ്പുമിടത്തിൽ
ഇമ്മഹാണ്ഡപ്രകാണ്ഡമാം ബ്രഹ്മം
അമ്മ പെറ്റുളവായൊരു വീട്ടിൽ!'
(കാശാവുപൂത്തു)

സമകാലിക ലോകത്തിന്റെ ഭൗതികകാപട്യം മോന്തിമോന്തി നാവും ഉദരവും മദിർത്തുപോയ ഒരു ഹൃദയാലുവിന്റെ രോദനം ഈ വരികളിൽ ചൈതന്യമൊഴുക്കുന്നു. അകലുഷമായ ഗിരിനിർത്ധരങ്ങളോ നോക്കെത്തുവോളം കുളിർമ്മ കിളിർപ്പിക്കുന്ന പുൽപ്പരപ്പുകളോ ചെമ്മണ്ണുകൊണ്ടു ചായം പൂശിയ, പുൽമേഞ്ഞ സരളങ്ങളായ പാർപ്പിടങ്ങളോ ഇനി എന്നെങ്കിലും ഈ ലോകത്ത് കണികാണാനാവുമോ?

പുരാണസങ്കല്പത്തെ സംബന്ധിച്ചുള്ള കേന്ദ്രബന്ധം വേർപെടുത്തിയിട്ടാൽ ഇടശ്ശേരിക്കവിതകളുടെ കൂട്ടത്തിൽനിന്ന് അല്പമൊന്നു വഴിമാറിയിട്ടാണ് ഈ കവിതയുടെ പോക്കെന്നു വ്യക്തമാവും – ഇടശ്ശേരിക്കവിതകളുടെ അന്തർധാരയെപ്പറ്റി പരിമിതമെങ്കിലും സാരവത്തായ ചില വിചിന്തനങ്ങൾ നടന്നിട്ടുണ്ട്. എൻ.വി. യുടെയും എം. ലീലാവതിയുടെയും കെ.പി. ശങ്കരന്റെയും പി. നാരായണക്കുറിപ്പിന്റെയും സംഭാവനകൾ ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

'ക്രൂരതേ, നീതാനത്രേ ശാശ്വതസത്യം, നിന്റെ
നേരെ ഞാൻ കൃതജ്ഞതാപൂർവ്വകമെറിയട്ടെ
'ഹേ, ദയാമയൻ' എന്ന സംബുദ്ധി, ഇതെന്നെന്നും
സ്വീകരിച്ചാവൂ പൂജാപുഷ്പമായ് നിൻപാദങ്ങൾ'
(പൂജാപുഷ്പം)

എന്ന് പൂജാപുഷ്പത്തിലെ വരികളിൽ നിന്ന് ആരംഭം കുറിച്ചുകൊണ്ടുള്ള ഒരന്വേഷണം നടത്തിയിട്ടുണ്ട് മാധവൻ അയ്യപ്പത്ത്. കവിയുടെ ഉദ്ഗ്രഥനശേഷിയും നിരൂപകന്റെ അപഗ്രഥനപാടവവും ഒരേ സമയം അനുഗ്രഹിച്ച ആ പഠനത്തിൽ ക്രൂരതയാണ് ഇടശ്ശേരിയുടെ ഇഷ്ടദേവത എന്ന് അസൂയാവഹമായ കലാവൈഭത്തോടെ സമർത്ഥിച്ചിട്ടുണ്ട്. 'ലോകത്തിലെ ഏകസത്യം ക്രൂരതയാണെന്നും സന്തോഷിക്കാനുള്ള വിഭവങ്ങൾ ആ ദേവത കനിഞ്ഞു കല്പിച്ചു നല്കുന്നതാണെന്നും കവി പറയുന്നു. പലപ്പോഴും ആ കനിവ് ക്രൂരതയുടെ മൂർച്ച കൂട്ടാനായിത്തീരാറുണ്ട്. ഈ വരികളിലെ ബോധമാണ് ഇടശ്ശേരിക്കവിതകളിൽ ഒളിഞ്ഞോ തെളിഞ്ഞോ കാണാൻ കഴിയുന്ന തത്ത്വജ്ഞാനം. ക്രൂരതയെന്ന സത്യത്തിന്നുമുമ്പിൽ മറ്റുള്ളതൊക്കെ ബലിയാവുന്ന ദൃശ്യങ്ങളാണ് കാണുക.' – ഇതാണ് അയ്യപ്പത്തിന്റെ നിഗമനം – 'മറ്റേമുണ്ട്, 'ചിന്താശകലങ്ങൾ, 'പ്രേമോപഹാരം, 'ആറ്റുവക്കത്ത്, 'കാളവണ്ടി' പള്ളിച്ചൂണ്ടൽ, 'പൂതപ്പാട്ട്', 'കാവിലെപ്പാട്ട്' തുടങ്ങി ഒട്ടേറെ കവിതകൾ പരിശോധിച്ച് ഉദാഹരിക്കയും ചെയ്തിരിക്കുന്നു.

'പുത്തൻകലവും അരിവാളും' എന്ന കവിതയിലെ ജപ്തിചെയ്യപ്പെടുന്ന വിള, കോമന്റെ അകാലമൃത്യുവടയുന്ന പൈതൽതന്നെയാണ്. അകാലമൃത്യു രംഗപ്രവേശം ചെയ്തത്. ആമീന്റെ വേഷത്തിൽ – 'പണിമുടക്കത്തെ വർഗ്ഗസമരത്തിന്റെ കഥയായിട്ടല്ല, ഒരേ കരാളമൂർത്തി ഉള്ളവനായ തൊഴിലാളിയേയും ഇല്ലാത്തവനായ മുതലാളിയേയും ഓരോ കൈയിലെടുത്ത് ആർത്തിയോടെ അവരുടെ ജീവരക്തം മുത്തിക്കുടിക്കുന്ന കഥയായിട്ടാണ് കാണേണ്ടതെന്ന് മാധവൻ അയ്യപ്പത്ത് നിർദ്ദേശിക്കുന്നു. ഇതേ കവിതകളെത്തന്നെ വിധിവിപര്യയം ദൗർബ്ബല്യത്തെ ശക്തിയാക്കി മാറ്റുന്നതിന്ന് ഉദാഹരണമായും കാണിക്കാം. കവി നനച്ചുവളർത്തിയ തേന്മാവിൻതൈ നടാടെ പൂത്തതേയുള്ളു. അപ്പോഴാണ് പാലക്കാടൻ തുറസ്സിനെ ചിന്നം വിളികളാൽ കിടിലം കൊള്ളിച്ചുകൊണ്ട് ആനവരുന്നപോലെ കിഴക്കൻ കാറ്റിന്റെ വരവ്. ദൂരെ തിണ്ടിടിയുന്ന പുഴയുടെ വക്കത്ത്, ആപത്തിന്റെ നേർക്ക് പുഞ്ചിരിക്കൊണ്ടു നില്ക്കുന്ന കൊച്ചുകിടാവിന്റെ അസഹായമായ നില്പുകാണുമ്പോഴത്തേപ്പോലുള്ള ഒരു വിമ്മിട്ടത്തോടെയാണ് ഉദ്ഭ്രാന്തമായ കവി മനസ്സ് കാറ്റിൽപ്പെട്ടുലയുന്ന മാകന്ദത്തെ കാണുന്നത്. എന്നാൽ, എല്ലാം പെറുക്കിയെടുത്തു പറന്നണയുന്ന കൊടുംകാറ്റ് മലർക്കുലകളിൽ പരാഗസംക്രമണം നടത്തുകയാണുണ്ടായത്, മാവിന്ന് ഉണ്ണിവിരിഞ്ഞു ഇവിടെനിന്ന് ഉരുത്തിരിഞ്ഞു കിട്ടുന്ന തത്ത്വം, വിധിവിപര്യയത്തിന്റെ, ക്രൂരതയുടെ വേദനയുടെ ആഘാതത്തിൽ ദൗർബ്ബല്യത്തെ ശക്തിയായി കാച്ചിയെടുക്കുക എന്നതാണ്. ഈയൊരു ശില്പസംവിധാനക്രമം ഇടശ്ശേരിയുടെ മിക്കകവിതകൾക്കും കാണാം. ഈ സാമാന്യസ്വഭാവത്തിൽനിന്ന് തെന്നിയൊഴുകുന്നു എന്നതുകൊണ്ടും കാശാവുപൂത്തു'എന്ന കൊച്ചുകൃതി വിശേഷശ്രദ്ധ അവകാശപ്പെടുന്നു.

മലയാള കവിത ഇടശ്ശേരിപ്പതിപ്പ് 1986 ഒക്ടോബർ 1.